**പതിമൂന്നാം കേരള നിയമസഭ**

**ഒമ്പതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1743 17-06-13 ൽ മറുപടിക്ക്**

**മദ്യത്തിന്റേയും മയക്കുമരുന്നിന്റേയും ഉപയോഗം നിയന്ത്രിക്കാൻ സംവിധാനം**

ചോദ്യം:

ശ്രീ. റ്റി. വി. രാജേഷ്

യുവാക്കൾക്കിടയിൽ മദ്യത്തിന്റേയും മയക്കുമരുന്നിന്റേയും ഉപയോഗം വർദ്ധിച്ചു വരുന്നത് നിയന്ത്രിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നല്കുമോ?

ഉത്തരം:

ശ്രീ. കെ. ബാബു
(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി)

മദ്യ/മയക്കുമരുന്നിനെതിരെ യുവാക്കൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനായി, എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ ശക്തമായ ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കി വരുന്നു. ഇതിനായി, എഫ്.എം.റേഡിയോ, സി.സി.ടി.വി., മാധ്യമങ്ങൾ, മാസികകൾ എന്നിവ വഴിയുള്ള പരസ്യം, പോസ്റ്റർ പ്രദർശനം, തെരുവ് നാടകം, കൂട്ട ഓട്ടം, സെമിനാർ, ഡോക്യുമെന്ററി, ബോധവൽക്കരണ ക്ലാസ്, ലഘുലേഖ വിതരണം, മാജിക് ഷോ തുടങ്ങിയ പരിപാടികളും സംഘടിപ്പിച്ചിട്ടുണ്ട്. അതോടൊപ്പം, ടി.വി.-യിലൂടെ സംപ്രേക്ഷണം ചെയ്യുന്ന മദ്യപാനരംഗങ്ങൾ ഉൾപ്പെടുന്ന സീനുകളിൽ സ്റ്റാറ്റ്യൂട്ടറി വാണിംഗ് ആയ "മദ്യപാനവും മയക്കുമരുന്ന് ഉപയോഗവും ആരോഗ്യത്തിന് ഹാനികരം" എന്ന് എഴുതി കാണിക്കണമെന്നതിനും, അല്ലാത്തപക്ഷം കർശനമായ ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതിനും നിയമഭേദഗതി വരുത്തിയിട്ടുണ്ട്. വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുന്നതിനായി, സംസ്ഥാനത്തെ 775 സ്കൂളുകളിൽ ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. വിവിധ സന്നദ്ധ സംഘടനകളുടെയും, SPC, NSS, കുടുംബശ്രീ, റസിഡന്റ്സ് അസോസിയേഷനുകൾ എന്നിവയുടെ സഹകരണത്തോടെ ബോധവൽക്കരണ പ്രവർത്തനങ്ങൾ ശക്തമായി നടപ്പിലാക്കി വരുന്നു. കൂടാതെ, ഒരാൾക്ക് കൈവശം വയ്ക്കാവുന്ന മദ്യത്തിന്റെ അളവിൽ കുറവു വരുത്തുകയും, മദ്യം വാങ്ങുന്നതിനും വില്ക്കുന്നതിനുമുള്ള പ്രായപരിധി 18 വയസ്സിൽ നിന്നും 21 വയസ്സായി ഉയർത്തുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ